ഉത്തരം

(എ) കേരളത്തിൽ ഇപ്പോൾ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കാർഡിയാക് കത്തീറ്ററൈസേഷൻ യൂണിറ്റുകൾ ഉണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 1997 സെപ്റ്റംബറിലും കോഴിക്കോട് മെഡിക്കൽ കോളേജിൽ 1997 ജൂണിലുമാണ് കാർഡിയാക് കത്തീറ്ററൈസേഷൻ യൂണിറ്റുകൾ ആരംഭിച്ചത്.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഏകദേശം 3½ (മൂന്നരകോടി) കോടിരൂപയും, കോഴിക്കോട് മെഡിക്കൽ കോളേജിൽ 5 കോടി (അഞ്ചുകോടി) രൂപയും ഇതിനായി ചെലവായിട്ടുണ്ട്.

(ഡി) പ്രസ്തുത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പണം മുടക്കിയിരിക്കുന്നത് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ആണ്.

(ഇ) 1. കോറോണറി ആഞ്ചിയോഗ്രാഫി.
2. ഹൃദയ കത്തീറ്ററൈസേഷൻ
3. പെർക്യൂട്ടേറിയൻ കോറോണറി ആഞ്ചിയോഗ്രാഫി
4. കോറോണറി സ്റ്റെന്റിംഗ്
5. വെരിഫറൽ ആഞ്ചിയോ പ്ലാസ്റ്ററി
6. ഡിവൈസ് ക്ലോഷൻ ഓഫ് കൺജിനിറ്റൽ ഹാർട്ട് ഡീസീസ്.
7. വാൽവിലോ പ്ലാസ്റ്റി
8. പെയ്സ് മേക്കർ ഇംപ്ലാന്റേഷൻ

(എഫ് & ജി) നിർദ്ദേശമൊന്നും ലഭിച്ചതായികാണുന്നില്ല.

(എച്ച്) പരിശോധിക്കുന്നതാണ്.

ഓഡിയോളജി സ്പീച്ച് തെറാപ്പിയിലെ നിയമനം

178 (3368) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഓഡിയോളജി സ്പീച്ച് തെറാപ്പിയിൽ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട് ; അവ ഏതെല്ലാം ;

(ബി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ പി.എസ്. സി. മുഖേനയല്ലാതെ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ ; എങ്കിൽ ആരെല്ലാം ; അവരുടെ താൽക്കാലിക നിയമനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത തസ്തികകളിലേക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ഡി.എം.ഇ യ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ അതിൻമേൽ ഡി.എം.ഇ. എന്ത് നടപടി സ്വീകരിച്ചു ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓഡിയോളജി സ്പീച്ച്തറാപ്പി വിഭാഗത്തിൽ ഒഴിവുള്ള തസ്തികകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഒരു ഒഴിവ്. സ്പീച്ച്പത്തോളജിസ്റ്റ് ആന്റ് ഓഡിയോളജിസ്റ്റ്.

(ബി) റഷീദ ഹാരിസ് എന്നൊരാളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടുണ്ട്.

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്. ഡി.എം.ഇയിൽ നിന്നും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി & ഇ) ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പി.എസ്.സി.-യിൽ നിന്നും ഇതുവരെ ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്തിട്ടില്ല.

ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയുടെ വികസനം

179 (3369) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തീയേറ്ററുകളുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ആശുപത്രിയിലെ ഡ്രെയിനേജ് സിസ്റ്റം തകർന്നു കിടക്കുന്നതു കാരണം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നശിച്ചുകൊണ്ടിരിക്കുന്ന ടി.ബി. വാർഡ് നന്നാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) നിലവിലുള്ള ആശുപത്രികെട്ടിടം അറ്റകുറ്റപ്പണികൾ നടത്താതെ തകർന്നു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ആശുപത്രിയുടെ കോമ്പൗണ്ടിനുള്ളിൽ കൂടി സ്വകാര്യ വ്യക്തിക്ക് വഴി അനുവദിച്ചതായ നടപടി അവസാനിപ്പിക്കുന്നതിന് നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി ആരോഗ്യ വകുപ്പു ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly